# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.643 — 28/02/2017-ൽ മറുപടിക്ക്

## ഫറോക്ക് കേന്ദ്രമായി സെക്ഷൻ ഓഫീസ്

| | ചോദ്യം<br>**ശ്രീ.വി.കെ.സി. മമ്മത് കോയ** | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഫറോക്ക് കേന്ദ്രമായി പുതിയ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് നടപടി സ്വീകരിക്കുമോ ? | (എ) | ഉണ്ട്. നിലവിലുള്ള ഫറോക്ക്, രാമനാട്ടുകര, കടലുണ്ടി എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് ഫറോക്ക് ഗ്രാമ പഞ്ചായത്തിൽ ഒരു പുതിയ സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നതിനും നിലവിലുള്ള ഫറോക്ക് സെക്ഷൻ ഓഫീസ് ചെറുവണ്ണൂർ എന്ന് പുനർനാമകരണം ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് പരിശോധിച്ചിരുന്നു. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്റർ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികം ആവുകയോ ചെയ്യുന്ന സാഹചര്യത്തിൽ ആണ് സാധാരണ ഗതിയിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് നിലവിലുള്ള സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. എന്നാൽ സെക്ഷൻ വിഭജനത്തിനുള്ള മുകളിൽ പരാമർ ശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഫറോക്ക്, രാമനാട്ടുകര, കടലുണ്ടി എന്നീ സെക്ഷനുകളുടെ കാര്യത്തിൽ പാലിക്ക പ്പെടാത്തതിനാൽ ടി സെക്ഷൻ ഓഫീസുകൾ വിഭജിച്ച് ഫറോക്ക് കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ